ആദിവാസി കലാരൂപങ്ങൾ പഠിപ്പിക്കുന്നതിനായി കളരികൾ സ്ഥാപിക്കാൻ നടപടി

*7 [423] ശ്രീ. എ. സുജനപാൽ:

" എൻ. ഡി. അപ്പച്ചൻ:

" എം. എ. ചന്ദ്രശേഖരൻ:

" അടൂർ പ്രകാശ്:

" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കലാരൂപങ്ങൾക്ക് വ്യാപകമായ പ്രചരണം നൽകുന്നതിനും ആദിവാസികളെ അതിൽ നിപുണരാക്കുന്നതിനും എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആദിവാസി കലകളിൽ കൂടുതൽ നൈപുണ്യം സിദ്ധിച്ച ആദിവാസികളെക്കൊണ്ട് അവരുടെ കലാരൂപങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നതിനുള്ള കളരികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സാസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) പ്രത്യേകം പദ്ധതികളില്ല. എന്നാൽ കേരളാ ഫോക്‌ലോർ അക്കാദമി ആദിവാസി കലാമേളകളും ആദിവാസി ഗോത്ര സംസ്കൃതിയെക്കുറിച്ച് വിപുലമായ ശിൽപശാലകളും സംഘടിപ്പിക്കുകയും പ്രശസ്തരായ ആദിവാസി കലാകാരന്മാർക്ക് അവാർഡുകളും നൽകി വരികയും ചെയ്യുന്നുണ്ട്.

(ബി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

പൊതുമേഖലാ ബാങ്കുകളിൽനിന്ന് സർക്കാർ എടുക്കുന്ന വായ്പ

*8 [424] ശ്രീ. പി. നാരായണൻ:

" കെ. പി. രാജേന്ദ്രൻ:

" എൻ. രാജൻ:

" ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പൊതുമേഖലാ ബാങ്കുകളിൽനിന്ന് സർക്കാർ വായ്പയെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരും പൊതുമേഖലാ ബാങ്കുകളുടെ മേധാവികളുമായി നടന്ന ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപം 2004 മാർച്ച് 31 വരെ എത്രയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly